# പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിമൂന്നാമത് റിപ്പോർട്ട്

**[സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004-2006) യുടെ പതിനാലാമത് റിപ്പോർട്ടിന്മേലുള്ള (സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനത്തെക്കുറിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട് ) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

(2019 നവംബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2019

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിമൂന്നാമത് റിപ്പോർട്ട്

[സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004-2006) യുടെ പതിനാലാമത് റിപ്പോർട്ടിന്മേലുള്ള (സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനത്തെക്കുറിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

(2019 നവംബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1424/2019.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| ആമുഖം | .. vii |
| റിപ്പോർട്ട് | .. 1 |
| അദ്ധ്യായം-I | .. 2 |
| അദ്ധ്യായം-II | .. 20 |
| അനുബന്ധം-I | .. 26 |
| അനുബന്ധം-II | .. 29 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി പി. അയിഷാ പോറ്റി

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. സജി ചെറിയാൻ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി.പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, അണ്ടർ സെക്രട്ടറി

ശ്രീ. പി. ആർ. മുരളീധരൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്റേഴ്സിന്റെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021) യുടെ അദ്ധ്യക്ഷയായ ഞാൻ, സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-2006) യുടെ പതിനാലാമത് റിപ്പോർട്ട് (സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനത്തെക്കുറിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്) 2006 ഫെബ്രുവരി 14-ാം തീയതി സഭയിൽ സമർപ്പിച്ചു. സംസ്ഥാനത്തെ കുട്ടികളുടെ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന കേന്ദ്രങ്ങളായ അംഗൻവാടികളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി സമിതി വിവിധ ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളും അംഗൻവാടികളും സന്ദർശിച്ച് തെളിവെടുത്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലും സമിതി ആരാഞ്ഞ അധികവിവരങ്ങളിന്മേലും വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2019 നവംബർ 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്റേഴ്സിന്റെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 14.

# റിപ്പോർട്ട്

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2004-2006) യുടെ പതിനാലാമത് റിപ്പോർട്ട് (സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനത്തെക്കുറിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്) 2006 ഫെബ്രുവരി 14-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ കുട്ടികളുടെ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന കേന്ദ്രങ്ങളായ അംഗൻവാടികളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി സമിതി സാമൂഹ്യനീതി വകുപ്പിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെയും വിവിധ ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളും അംഗൻവാടികളും സന്ദർശിച്ച് തെളിവെടുപ്പ് നടത്തിയതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 34 ശിപാർശകളാണ് ഉണ്ടായിരുന്നത്. ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പ് സാമൂഹ്യനീതി, ആരോഗ്യ കുടുംബക്ഷേമം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾക്ക് അയയ്ക്കുകയുണ്ടായി. നിരവധി കത്തിടപാടുകൾക്കുശേഷവും റിപ്പോർട്ട് ലഭ്യമാക്കാത്തതിനെ തുടർന്ന് 22-6-2010-ന് സാമൂഹ്യനീതി, 14-5-2014-ന് ആരോഗ്യകുടുംബക്ഷേമം, 16-2-2017-ന് തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. സാമൂഹ്യനീതി വകുപ്പ് എല്ലാ ശിപാർശകളിന്മേലും നടപടി റിപ്പോർട്ട് ലഭ്യമാക്കുകയും സമിതി വിവിധ യോഗങ്ങളിലായി അവ അംഗീകരിക്കുകയും ചെയ്തു. എന്നാൽ തദ്ദേശസ്വയംഭരണം, ആരോഗ്യകുടുംബക്ഷേമം എന്നീ വകുപ്പുകളോട് സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളിന്മേലുള്ള റിപ്പോർട്ട് ഇനിയും ലഭ്യമാക്കിയിട്ടില്ല. സമിതിയുടെ ശിപാർശകളിലും അധിക വിവരങ്ങളിലും യഥാസമയം മറുപടി ലഭ്യമാക്കാത്തതുമൂലം ശിപാർശകൾക്ക് ഉദ്ദേശിച്ച ഫലം ലഭിക്കാത്തത് സമിതി ഗൗരവമായി കാണുന്നു.

2006 ഫെബ്രുവരിയിലാണ് സമിതി അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവ് സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിച്ചത്. പ്രസ്തുത ശിപാർശകളിന്മേൽ 2008-2010 കാലയളവിൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് നൽകിയ മറുപടിയാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 1-10-2018 മുതൽ പ്രാബല്യത്തിൽ അംഗൻവാടി വർക്കർമാരുടെ വേതനം 11,500 രൂപയായും ഹെൽപ്പർമാരുടെ വേതനം 7,750 രൂപയായും (G.O. (Rt) No. 81/2019/SJD dated 11-2-2019) വർദ്ധിപ്പിച്ചുവെങ്കിലും വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകൾക്കനുസൃതമായി വേതനം കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു.

സമിതി (2004-2006) യുടെ 14-ാം മത് റിപ്പോർട്ടിലെ ശിപാർശകൾക്കും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടുകൾ അദ്ധ്യായം-I-ൽ ചേർത്തിരിക്കുന്നു.

സമിതിയുടെ ശിപാർശയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് ലഭിച്ച മറുപടിയിന്മേലുള്ള സമിതിയുടെ തുടർശിപാർശ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം-II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം-1

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

### സാമൂഹ്യനീതി വകുപ്പ്

### ശിപാർശ നമ്പർ -2

1.1 അംഗൻവാടികളിൽ ഭക്ഷ്യവസ്തുക്കൾ ശുചിത്വത്തോടെ സംഭരിച്ച് വയ്ക്കുന്നതിനുള്ള സ്റ്റെയിൻലസ് സ്റ്റീൽ പാത്രങ്ങൾ (ഫുഡ് കണ്ടെയിനേഴ്സ്) സംസ്ഥാനത്തെ എല്ലാ അംഗൻവാടികളിലും ലഭ്യമാക്കണം.

### സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.2 അംഗൻവാടികളിൽ ഭക്ഷ്യവസ്തുക്കൾ ശുചിത്വത്തോടെ സംഭരിച്ച് വയ്ക്കുന്നതിന് ആവശ്യമായ പാത്രങ്ങൾ ഘട്ടം ഘട്ടമായി ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അംഗൻവാടികളിലേയ്ക്ക് ആവശ്യമായ പാത്രങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(24-11-2009 -ലെ സമിതി യോഗത്തിൽ അംഗീകരിച്ചു)

### ശിപാർശ നമ്പർ-3

1.3 കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കുമുള്ള പോഷകാഹാര പദ്ധതി ഗുണഭോക്താക്കൾക്ക് പരമാവധി പ്രയോജനം ലഭിക്കുംവിധം ഊർജ്ജിതമായി നിർവ്വഹിക്കപ്പെടുന്നതിന് സഹായമാകുംവിധം നിലവിലുള്ള സംവിധാനങ്ങൾക്ക് മാറ്റം വരുത്തുന്നതാണ് ഉചിതമെന്ന് സമിതി നിർദ്ദേശിക്കുന്നു. ശിശുക്കൾക്ക് വിറ്റാമിൻ, ഇരുമ്പ് സത്ത് ഗുളിക/തുള്ളിമരുന്നുകൾ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കണം.

### സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.4 ഐ.സി.ഡി.എസ്. പദ്ധതി വിഭാവനം ചെയ്യുന്നത് 6 വയസ്സ് വരെയുള്ള കുട്ടികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പോഷകമൂല്യമുള്ള ഭക്ഷണ സാധനങ്ങൾ വിതരണം

ചെയ്യാനാണ്. എന്നാൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും പോഷകമൂല്യമുള്ള ഭക്ഷണസാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയുന്നില്ല. എല്ലാ ഗുണഭോക്താക്കൾക്കും പോഷകാഹാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മൂന്നു വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും പോഷകാഹാരം വീടുകളിൽ ലഭ്യമാക്കുന്ന ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (THRS) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വിജയകരമായ സംരംഭമാവുകയാണെങ്കിൽ ഗർഭിണികളെയും മുലയൂട്ടുന്ന അമ്മമാരെയും കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ആറ് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് അതാത് പ്രോജക്ട് പ്രദേശങ്ങളിലെ PHC-കളുമായി സഹകരിച്ച് വിറ്റാമിൻ എ, അയൺ ഗുളികകൾ, ഡിവേമിംഗ്ഗുള്ളിമരുന്നുകൾ എന്നിവ കൊടുത്തുവരുന്നു.

(24-11-2009 -ലെ യോഗത്തിൽ അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ-4</u>

1.5 അംഗൻവാടികളിൽ കുട്ടികൾക്ക് ഇരിക്കാനുള്ള ബഞ്ചുകൾ, കിടക്കകൾ, പായ, വിരിപ്പ് എന്നിവ ലഭ്യമാക്കണം. ഇവ വൃത്തിയായും വെടിപ്പായും സൂക്ഷിക്കാനും നടപടി സ്വീകരിക്കണം.

<u>സ്വീകരിച്ച നടപടി</u>

(1-7-2008 -ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.6 ഓരോ അംഗൻവാടിക്കും ഓരോ സാമ്പത്തികവർഷവും കണ്ടിൻജൻസി ഇനത്തിൽ 600 രൂപ അനുവദിച്ച് നൽകി വരുന്നു. ഈ തുകയിൽ നിന്നും കുട്ടികൾക്ക് കിടക്കാനുള്ള പായ, വിരിപ്പ് എന്നിവ വാങ്ങി നൽകുന്നതിന് ശിശുവികസന പദ്ധതി ഓഫീസർക്ക് അധികാരമുണ്ട്. കൂടാതെ അംഗൻവാടികളെ സാമൂഹ്യ വിഭവ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായും അംഗൻവാടികളിലെ ആവശ്യകത മനസ്സിലാക്കി ടി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ടി സാധനങ്ങൾ അംഗൻവാടികളിൽ വിതരണം ചെയ്യുന്നുണ്ട്. അംഗൻവാടികൾ വൃത്തിയായും വെടിപ്പായും സൂക്ഷിക്കുവാൻ ബന്ധപ്പെട്ടവർക്ക് ബോധവത്കരണം, ട്രെയിനിംഗ് എന്നിവ നൽകി വരുന്നു.

( 24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ-5</u>

1.7 സമൂഹത്തിലെ എല്ലാ വിഭാഗത്തിലെയും ശിശുക്കളെ ആകർഷിക്കാനാകും വിധം അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമവും ആകർഷകവുമാക്കണം.

സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.8 സമൂഹത്തിലെ എല്ലാ വിഭാഗത്തിലെയും ശിശുക്കളെ ആകർഷിക്കും വിധം സ്ഥിരം കെട്ടിടങ്ങളും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും ഉള്ള അംഗൻവാടികളാണ് സാമൂഹ്യക്ഷേമ വകുപ്പ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 247 അംഗൻവാടികൾക്ക് കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും നൽകി റിസോഴ്സ് സെന്ററുകളായി മാറ്റിയിട്ടുണ്ട്. ഘട്ടം ഘട്ടമായി ഈ നടപടികൾ തുടരുന്നതാണ്. അംഗൻവാടികളിലെ പ്രീ-സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു കരിക്കുലം വിദ്യാഭ്യാസ വകുപ്പുമായി യോജിച്ച് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗൻവാടികളെ പ്രീ-പ്രൈമറി സെന്ററുകളായി മാറ്റുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ച വരുന്നു.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു.)

ശിപാർശ നമ്പർ-6

1.9 കുടിവെള്ള ലഭ്യതയില്ലാത്ത എല്ലാ അംഗൻവാടികളിലും കിണറുകൾ, കുഴൽക്കിണറുകൾ, കുഴൽവെള്ളം എന്നിവയിലൊന്ന് ലഭ്യമാക്കാൻ അടിയന്തര പദ്ധതിക്ക് രൂപം നൽകി നിർവ്വഹിക്കണം. ശുദ്ധമായ കുടിവെള്ളം ശേഖരിച്ച് വയ്ക്കാനാവശ്യമായ ചെറിയ വാട്ടർ ടാങ്കുകൾ, മൂടിയുള്ള ഫിൽറ്റർ പാത്രം എന്നിവ എല്ലാ അംഗൻവാടികളിലും ലഭ്യമാക്കാനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.10 എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ഉണ്ടാകുന്ന മുറയ്ക്ക് ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. എന്നാൽ നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് ശുദ്ധമായ കുടിവെള്ളം, ഫിൽറ്ററുകളുള്ള ജലസംഭരണികൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു.)

ശിപാർശ നമ്പർ-7

1.11 സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എല്ലാ അംഗൻവാടികൾക്കും സമയബന്ധിതമായി അവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.12 സർക്കാരിന്റെ സേവന ലഭ്യത പദ്ധതിയിൽ 1102 അംഗൻവാടികൾക്ക് കെട്ടിടങ്ങൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 1472 അംഗൻവാടികൾക്ക് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങൾ പണിയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ലോകബാങ്ക് ധനസഹായത്തോടുകൂടി കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 40 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ സംസ്ഥാനത്തെ തീരദേശ വില്ലേജുകളിലെ എല്ലാ അംഗൻവാടികൾക്കും സുനാമി പുനരധിവാസ പദ്ധതിപ്രകാരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതക്കുറവ് അംഗൻവാടി കെട്ടിട നിർമ്മാണത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികളെടുത്ത് വരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികൾക്ക് സ്ഥലം വാങ്ങുകയും കെട്ടിടനിർമ്മാണം നടത്തുകയും ചെയ്യാവുന്നതാണ്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

ശിപാർശ നമ്പർ-8

1.13 സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം പണി ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നൽകുന്ന തുകയ്ക്ക് പുറമേ ഒരു നിശ്ചിത ശതമാനം തുക കൂടി സർക്കാർ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.14 അംഗൻവാടി കെട്ടിട നിർമ്മാണത്തിന് കുറഞ്ഞത് അഞ്ച് സെന്റ് ഭൂമിയെങ്കിലും ലഭ്യമാക്കുക, കെട്ടിട നിർമ്മാണം, കുട്ടികൾ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്ന ടോയ്‌ലെറ്റുകൾ, കുടിവെള്ള സൗകര്യം എന്നിവ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ 14-5-2007-ലെ സ.ഉ.(എം.എസ്.) നമ്പർ 128/2007/ തസ്വഭവ. നമ്പർ പ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

ശിപാർശ നമ്പർ-9

1.15 പഴയ അംഗൻവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാനും 15 വർഷം കഴിഞ്ഞവ പുതുക്കിപ്പണിയാനും അടിയന്തര ധനസഹായത്തിന് ഉതകുന്ന ഒരു

പദ്ധതിക്ക് രൂപം നൽകേണ്ടതാണ്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് മാസവാടക നൽകാൻ വേണ്ട നടപടി സ്വീകരിക്കണം.

സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.16 അംഗൻവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തതിനാൽ മറ്റ് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളിലെ അറ്റകുറ്റപ്പണികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നതുപോലെ അംഗൻവാടികളിലേയും അറ്റകുറ്റപ്പണികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിക്കേണ്ടത്. ഇത് സംബന്ധിച്ച് വേണ്ട നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

1.17 കൂടാതെ സംസ്ഥാനത്തെ റൂറൽ ട്രൈബൽ മേഖലയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടി കെട്ടിടങ്ങളുടെ പ്രതിമാസ വാടക 200 രൂപയായും നഗര പ്രദേശങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന അംഗൻവാടി കെട്ടിടങ്ങളുടെ പ്രതിമാസ വാടക 750/- രൂപയായും 1-2-2007 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ച് 25-8-2007-ലെ സ.ഉ.(സാധാ) നമ്പർ 410/2007/സാക്ഷേവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു.)

ശിപാർശ നമ്പർ-10

1.18 അംഗൻവാടികളുടെ അടുക്കള, കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സംവിധാനങ്ങൾ (മൂത്രപ്പുര, കക്കൂസ്) എന്നിവയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി പ്രവർത്തനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.19 സംസ്ഥാനത്തെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാവുമ്പോൾ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമാകും. ടി സൗകര്യങ്ങൾ ലഭ്യമല്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ പ്രസ്തുത സൗകര്യങ്ങൾ ഉള്ള കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിടങ്ങളുള്ള അംഗൻവാടികളിൽ ടി സൗകര്യങ്ങൾ ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു.)

ശിപാർശ നമ്പർ-11

1.20 എല്ലാ അംഗൻവാടി കെട്ടിടങ്ങൾക്കും പ്രത്യേകിച്ച് മെയിൻ റോഡിനോട് ചേർന്ന് നിൽക്കുന്നവയ്ക്ക് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം.

സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.21 ചുറ്റുമതിൽ ഇല്ലാത്ത അംഗൻവാടികൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

ശിപാർശ നമ്പർ-12

1.22 വൈദ്യുതി കണക്ഷൻ ഇല്ലാത്ത അംഗൻവാടികളിൽ അതു ലഭ്യമാക്കണം. എല്ലാ അംഗൻവാടികൾക്കും വൈദ്യുതി നിരക്ക് ഗാർഹിക താരിഫ് പ്രകാരം കണക്കാക്കി വൈദ്യുതി ചാർജ്ജ് ഈടാക്കാനും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 20 യൂണിറ്റിന് താഴെ മാത്രം ഉപഭോഗം ചെയ്താൽ നൽകുന്ന സൗജന്യം അംഗൻവാടികൾക്കും എത്രയും വേഗം നടപ്പാക്കാനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.23 സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളിൽ ഇലക്ട്രിഫിക്കേഷൻ ഘട്ടം ഘട്ടമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അംഗൻവാടികളിൽ വൈദ്യുതി നിരക്ക് ഗാർഹിക താരിഫ് പ്രകാരം കണക്കാക്കാനും 20 യൂണിറ്റിന് താഴെ ഉപഭോഗമുള്ള അംഗൻവാടികൾക്ക് വൈദ്യുതി നിരക്ക് സൗജന്യമാക്കുന്നതിനുമുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

ശിപാർശ നമ്പർ- 13

1.24 ഇപ്പോൾ കുട്ടികൾക്ക് ഇന്ധന ചെലവിന് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ ഇല്ലാത്തിടങ്ങളിൽ സൗജന്യമായി അവ നൽകാനും, പ്രഷർ കുക്കർ, വേയിംഗ് മെഷീൻ, ടേപ്പ് റെക്കോർഡർ എന്നിവ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ടേപ്പ് റെക്കോർഡർ നൽകിയാൽ ബാറ്ററി വാങ്ങുന്നതിനുള്ള തുക അനുവദിക്കണം എന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.25 7-12-2007-ലെ സ.ഉ.(എം.എസ്.) നമ്പർ 567/07/സാക്ഷേവ പ്രകാരം അംഗൻവാടികളിൽ വിതരണം ചെയ്യുന്ന വിറക്, പച്ചക്കറി എന്നിവയുടെ വില ഗുണഭോക്താവ് ഒന്നിന് 50 പൈസയായും ഭക്ഷണ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചെലവ് ഒരു കിലോയ്ക്ക് 50 പൈസയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. അംഗൻവാടികളിൽ ഗ്യാസ് കണക്ഷൻ നൽകുന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് നടപ്പിലാക്കി വരുന്നു. ടേപ്പ് റെക്കോർഡറുകൾ ലഭ്യമായ അംഗൻവാടികൾക്ക് ഓരോ വർഷവും അംഗൻവാടി കണ്ടിൻജൻസിക്ക് അനുവദിക്കുന്ന തുകയിൽ നിന്നും ടേപ്പ് റിക്കോർഡറിന് ആവശ്യമായ ബാറ്ററി വാങ്ങി നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗൻവാടികളിലെ ആവശ്യകത മനസ്സിലാക്കി പ്രഷർ കുക്കർ, വെയിംഗ് സ്കെയിൽ, ടേപ്പ് റിക്കോർഡർ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ നമ്പർ-14

1.26 കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ അവരുടെ എണ്ണത്തിനനുസരിച്ച് അംഗൻവാടികളിൽ സജ്ജമാക്കണം. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും കളിക്കോപ്പ് നിർമ്മാണത്തിന് ഇപ്പോൾ നൽകുന്ന പരിശീലനം എല്ലാ അംഗൻവാടികളിലും കാര്യക്ഷമമാക്കണം.

## സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.27 അംഗൻവാടികളിൽ പ്രീ-സ്കൂൾ കിറ്റ് വാങ്ങുന്നതിന് പ്രതിവർഷം 500 രൂപ വീതം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് പ്രീ-സ്കൂൾ കിറ്റുകൾ വാങ്ങി വിതരണം ചെയ്തു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യമായ കളിക്കോപ്പുകൾ (indoor/outdoor) വാങ്ങി വിതരണം ചെയ്യുന്നുണ്ട്. സർവ്വശിക്ഷ അഭിയാൻ അംഗൻവാടി പ്രവർത്തകർക്ക് കളിക്കോപ്പ് നിർമ്മാണത്തിൽ രണ്ട് ദിവസത്തെ ട്രെയിനിംഗ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ അംഗൻവാടി പ്രവർത്തകരെയും ഉൾപ്പെടുത്തി വരുന്നു. എസ്.എസ്.എ.-യും അംഗൻവാടി കുട്ടികൾക്കായി പഠനോപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിരുന്നു.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു.)

ശിപാർശ നമ്പർ-15

1.28 ഓരോ അംഗൻവാടിയിലും നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകളുടെ എണ്ണം കുറയ്ക്കുന്നതിനും സൂക്ഷിക്കുന്നതിനുവേണ്ട ഷെൽഫ്/അലമാര ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണം.

സ്വീകരിച്ച നടപടി

(1-7-2008 -ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.29 അംഗൻവാടികളിൽ നിലവിലുള്ള 26 രജിസ്റ്ററുകളുടെ എണ്ണം 20 ആയി ചുരുക്കിയിട്ടുണ്ട്. ഷെൽഫ്/അലമാര ഘട്ടം ഘട്ടമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

ശിപാർശ നമ്പർ-16

1.30 ഗ്രോത്ത് മോണിറ്ററിംഗ് ശരിയായ രീതിയിൽ നടത്താൻ സംസ്ഥാനത്തെ എല്ലാ അംഗൻവാടികളെയും പ്രാപ്തമാക്കാൻ നടപടി സ്വീകരിക്കണം.

സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.31 ഗ്രോത്ത് മോണിറ്ററിംഗിൽ അംഗൻവാടി പ്രവർത്തകർക്ക് ശരിയായ അവഗാഹം ലഭ്യമാക്കാൻ എല്ലാ പ്രവർത്തകർക്കും ഐ.ഇ.സി. ഫണ്ട് ഉപയോഗിച്ച് ട്രെയിനിംഗ് നടത്താൻ സി.ഡി.പി.ഒ.-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ഘട്ടം ഘട്ടമായി പൂർത്തീകരിക്കും. അംഗൻവാടികളിൽ വളർച്ചാരേഖാചാർട്ട് വാങ്ങി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

ശിപാർശ നമ്പർ-17

1.32 മെഡിക്കൽ ക്യാമ്പുകൾ, പോഷകാഹാരം, ആരോഗ്യം, ശുചിത്വം എന്നിവ ആസ്പദമാക്കി വിദഗ്ദ്ധരെ ഉൾപ്പെടുത്തിയുള്ള ചർച്ചാ ക്ലാസ്സുകൾ അംഗൻവാടികളിൽ കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അതിനുവേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കണം.

<u>സ്വീകരിച്ച നടപടി</u>

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.33 അംഗൻവാടികളിൽ സംഘടിപ്പിക്കുന്ന മദേഴ്സ് മീറ്റിംഗുകളിലും കുമാരി ക്ലബ്ബുകളുടെ മീറ്റിംഗുകളിലും പോഷകാഹാരം, ആരോഗ്യം, ശുചിത്വം എന്നിവ ആസ്പദമാക്കിയുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തിയിട്ടുള്ള ചർച്ചാ ക്യാമ്പുകൾ, കൗൺസിലിംഗ്, നിയമബോധന ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് എന്നിവ നടത്താൻ സി.ഡി.പി.ഒ.-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അംഗൻവാടിയോടനുബന്ധിച്ച് ആരോഗ്യ പ്രവർത്തനത്തിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കാനും ആരോഗ്യപ്രവർത്തകരെയും തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികളേയും ഉൾപ്പെടുത്തി കൃത്യമായ ഇടവേളകളിൽ അവ നടത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കാൻ സി.ഡി.പി.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

<u>ശിപാർശ നമ്പർ- 19</u>

1.34 സർവ്വശിക്ഷാ അഭിയാനുമായി ബന്ധപ്പെട്ട് പ്രീ-സ്കൂൾ വിദ്യാഭ്യാസം കാര്യക്ഷമ മാക്കാനും കരിക്കുലം കാലോചിതമായി പരിഷ്കരിക്കാനും നടപടി സ്വീകരിക്കണം.

<u>സ്വീകരിച്ച നടപടി</u>

(1-7-2008 -ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.35 സർവ്വ ശിക്ഷാ അഭിയാനുമായി ബന്ധപ്പെട്ട് അംഗൻവാടികളെ ഘട്ടം ഘട്ടമായി പ്രീ-പ്രൈമറി സെന്ററുകളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അംഗൻവാടികളിലെ കരിക്കുലം പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

<u>ശിപാർശ നമ്പർ-20</u>

1.36 കുടുംബശ്രീ പ്രവർത്തനം, ഗ്രാമസഭകളിലെ സ്ത്രീ പങ്കാളിത്തം എന്നിവ കാര്യക്ഷമമാക്കുന്നതിന് അംഗൻവാടികളെ ഒരു റിസോഴ്സ് സെന്ററായി പ്രവർത്തിക്കാൻ സജ്ജമാക്കണം. അംഗൻവാടികളുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കാൻ ഇലക്ട്രോണിക്സ് മാധ്യമങ്ങളിലുൾപ്പെടെ നല്ല പ്രചരണം നൽകണം.

<u>സ്വീകരിച്ച നടപടി</u>

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.37 അംഗൻവാടികളെ ഘട്ടം ഘട്ടമായി സാമൂഹ്യ വിഭവ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി 2002-2003 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ തുക വകയിരുത്തി വരുന്നുണ്ട്. അംഗൻവാടികൾ വഴി ലഭ്യമാകുന്ന 6 സേവനങ്ങൾ സംബന്ധിച്ച സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഓരോ മിനിറ്റ് ദൈർഘ്യമുള്ള ആറ് ഫില്ലറുകൾ ദൃശ്യമാധ്യമങ്ങളിലൂടെ സംപ്രേഷണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

<u>ശിപാർശ നമ്പർ-21</u>

1.38 അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ ജോലി ഭാരം വർദ്ധിച്ചു വരുന്നതിനാൽ ഇവരുടെ സേവന-വേതന വ്യവസ്ഥ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണം.

<u>സ്വീകരിച്ച നടപടി</u>

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.39 അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥ പരിഷ്കരിക്കുവാൻ നിയോഗിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ 100 രൂപയുടെ വർദ്ധനവ് വരുത്തുകയുണ്ടായി. കൂടാതെ 16-1-2007-ലെ സ.ഉ.(എം.എസ്.) നമ്പർ 27/2007/സാക്ഷേവ പ്രകാരം 150 രൂപ കൂടി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും യഥാക്രമം 500 രൂപ നിരക്കിലും 250 രൂപ നിരക്കിലും ഈ സാമ്പത്തിക വർഷം മുതൽ വേതന വർദ്ധനവ് നൽകുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ക്ഷേമനിധിയിൽ നിന്നും ധനസഹായങ്ങൾ നല്കി വരുന്നുണ്ട്. ഇത് കൂടാതെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും മരണം സംഭവിക്കുകയാണെങ്കിൽ അവരുടെ ആശ്രിതർക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നൽകി വരുന്നു.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

<u>ശിപാർശ നമ്പർ- 22</u>

1.40 അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനും സേവനത്തിൽ തുടരാവുന്ന പരമാവധി പ്രായം നിശ്ചയിക്കുന്നതിനും സംസ്ഥാന സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

(22-6-2010-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.41 7-8-2009-ലെ സ.ഉ.(എം.എസ്.) നമ്പർ 31/2009/സാക്ഷേവ പ്രകാരവും 18-9-2009-ലെ സ.ഉ.(എം.എസ്.) നമ്പർ 41/2009/ സാക്ഷേവ നമ്പർ ഭേദഗതി ഉത്തരവ് പ്രകാരവും അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി 60 വയസ്സ് പൂർത്തിയായി വിരമിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ പദ്ധതി ആവിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 16-9-2009-ലെ സ.ഉ.(എം. എസ്.) നമ്പർ 40/2009/സാക്ഷേവ പ്രകാരം അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർ മാരുടെയും വിരമിക്കൽ പ്രായം 60 വയസ്സായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനെതിരെ കോടതി വിധി നിലവിലുണ്ട്.

(22-6-2010-ലെ തെളിവെടുപ്പ് യോഗത്തിൽ അംഗീകരിച്ചു)

<u>ശിപാർശ നമ്പർ-23</u>

1.42 അംഗൻവാടി വർക്കർ, ഹെൽപ്പർമാരുടെ ക്ഷേമനിധി കാര്യക്ഷമമാക്കുന്നതിനും വേഗത്തിൽ ഇടപാടുകൾ നടത്തുന്നതിനും വേണ്ട പരിഷ്കാരങ്ങൾ പദ്ധതിയിൽ ഉൾക്കൊള്ളിക്കണം.

<u>സ്വീകരിച്ച നടപടി</u>

(8-11-2010-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.43 അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക, പുതിയ ആനുകൂല്യത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, ക്ഷേമനിധി വിഹിതം വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങളെക്കുറിച്ച് പഠിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഏകാംഗ കമ്മീഷനെ സർക്കാർ നിയോഗിക്കുകയും ടി കമ്മീഷൻ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

17-11-2011-ലെ യോഗത്തിൽ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, താഴെപ്പറയുന്ന അധിക വിവരം ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

1.44 സർക്കാർ ഏകാംഗകമ്മീഷനായി നിയോഗിച്ചത് ആരെയാണെന്നും കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കണം.

<u>സ്വീകരിച്ച നടപടി</u>

(9-9-2013-ലെ 4563/ബി1/2012/സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.45 അംഗൻവാടി ജീവനക്കാരുടെ ക്ഷേമം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാനായി ഒരു ഏകാംഗകമ്മീഷനായി റിട്ടയേർഡ് അഡീഷണൽ സെക്രട്ടറി ശ്രീ. മാത്യു ജോസിനെ നിയമിച്ചിരുന്നു. എന്നാൽ ടി കമ്മീഷൻ പ്രവർത്തനം ആരംഭിക്കുകയുണ്ടായില്ല.

(30-10-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ-24</u>

1.46 അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം മാസാമാസം കൃത്യമായി ലഭിക്കുന്നതിനും ഇൻഷ്വറൻസ് പദ്ധതി ഉപഭോക്താവിന് പ്രയോജനപ്രദമാകും വിധം വ്യവസ്ഥകളോടെ പരിഷ്കരിക്കുവാനും നടപടി സ്വീകരിക്കണം.

<u>സ്വീകരിച്ച നടപടി</u>

(1-7-2008 -ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.47 അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം എല്ലാ മാസവും കൃത്യമായി നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർക്കായി അംഗൻവാടി കാര്യകർത്രി ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 18-നും 59-നും മദ്ധ്യേ പ്രായമുള്ള അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ അംഗമായിട്ടുള്ള ഒരു അംഗൻവാടി വർക്കറോ, ഹെൽപ്പറോ അംഗമായതിന് ശേഷം സ്വാഭാവിക മരണം നേരിട്ടാൽ അനന്തരാവകാശികൾക്ക് 30,000 രൂപയും അപകടം മൂലം മരണമോ സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യമോ ഉണ്ടായാൽ 75,000 രൂപയും സ്ഥിരവും ഭാഗികവുമായ അംഗവൈകല്യത്തിന് 37,500 രൂപയും ബ്രസ്റ്റ് ക്യാൻസർ, ഓവറിയൻ ക്യാൻസർ, ഫലോപ്യൻ ക്യാൻസർ, സെർവിക്കൽ ക്യാൻസർ, യൂട്രിനൽ ക്യാൻസർ, വജൈനൽ/വൾവർ ക്യാൻസർ ഇവ സംഭവിച്ചാൽ 20,000/- രൂപയും നൽകി വരുന്നു. ഇതിനുപുറമെ അംഗങ്ങളുടെ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 2 കുട്ടികൾക്ക് ഒരു വർഷം 1,200 രൂപ നിരക്കിൽ സ്കോളർഷിപ്പും നൽകി വരുന്നുണ്ട്. 280 രൂപ പ്രീമിയമുള്ള പദ്ധതിയിലെ അംഗത്തിന്റെ വിഹിതം 80 രൂപയാണ്. ബാക്കി തുക കേന്ദ്രസർക്കാരും എൽ.ഐ.സി.യും സംയുക്തമായി വഹിക്കുന്നു. എന്നാൽ 2007 ഏപ്രിൽ മുതൽ 2009 മാർച്ച് വരെ അംഗത്തിന്റെ വിഹിതമായ 80 രൂപ അടയ്ക്കേണ്ടതില്ല.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ നമ്പർ-25

1.48 അംഗൻവാടി വർക്കർ, ഹെൽപ്പർമാരുടെ പരിശീലന പരിപാടിയിൽ പ്രാഥമിക ശുശ്രൂഷ, പകർച്ച വ്യാധികളുടെ നിയന്ത്രണം, കൗമാര പ്രായക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ, നിവാരണ മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുകയും ഇൻ സർവ്വീസ്, റിഫ്രെഷർ കോഴ്സുകൾ രണ്ട് വർഷത്തിലൊരിക്കൽ നിർബന്ധമായും നൽകാൻ നടപടി സ്വീകരിക്കുകയും വേണം. പരിശീലന സർട്ടിഫിക്കറ്റ്, യാത്രാബത്ത എന്നിവ കാലവിളംബം കൂടാതെ നൽകുവാനും നടപടി സ്വീകരിക്കണം.

## സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.49 അംഗൻവാടി പ്രവർത്തകരുടെ പരിശീലന പരിപാടിയിൽ ആരോഗ്യ വിദ്യാഭ്യാസ പോഷണ രംഗത്ത് കാലോചിതവും നൂതന കാഴ്ചപ്പാടോടെയുള്ള എല്ലാ പ്രശ്നങ്ങളും അവയുടെ നിവാരണ മാർഗ്ഗവും ഉൾപ്പെടുത്തിയാണ് സിലബസും പരിശീലന പരിപാടികളും ആവിഷ്കരിച്ചിട്ടുള്ളത്. പരിശീലന സർട്ടിഫിക്കറ്റും യാത്രാബത്തയും യഥാസമയം ലഭ്യമാക്കി വരുന്നുണ്ട്.

( 24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു.)

## ശിപാർശ നമ്പർ-26

1.50 അംഗൻവാടികളുടെ പ്രവർത്തനവുമായി നേരിട്ട് ബന്ധമില്ലാത്ത വിഷയങ്ങളിൽ കണക്കുകൾ ശേഖരിക്കുന്നതിനും മറ്റും ഹെൽപ്പർമാരെയും വർക്കർമാരെയും നിയോഗിക്കുമ്പോൾ ആ സേവനത്തിന് പ്രത്യേക പ്രതിഫലം നൽകേണ്ടതാണ്.

## സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.51 അംഗൻവാടി വർക്കർമാരെ അംഗൻവാടി ജോലികൾക്ക് പുറമെ ഏൽപ്പിക്കാവുന്ന ജോലികൾ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ ചേരുമ്പോൾ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിന് അംഗൻവാടി പ്രവർത്തകർക്ക് പ്രത്യേക പ്രതിഫലം നൽകി വരുന്നുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

## ശിപാർശ നമ്പർ-27

1.52 കേന്ദ്ര ഗൈഡ്‌ലൈൻ അനുസരിച്ച് 25 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസർ എന്നത് കൃത്യമായി പാലിക്കാൻ നടപടി സ്വീകരിക്കണം.

<u>സ്വീകരിച്ച നടപടി</u>

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.53 സംയോജിത ശിശുവികസന സേവന പദ്ധതി സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ രണ്ടാം ഘട്ടത്തിൽ അധികമായി അനുവദിച്ച 3464 അംഗൻവാടികളിൽ ഓരോന്നിലും ഓരോ അംഗൻവാടി വർക്കർ, ഹെൽപ്പർ തസ്തികകളും 25 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസർ എന്ന ക്രമത്തിൽ 139 ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളും അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം 3464 അംഗൻവാടി കേന്ദ്രങ്ങളിൽ 139 ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 22-9-2007-ലെ സ.ഉ.(എം.എസ്.) നമ്പർ 52/2007/സാക്ഷേവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

<u>ശിപാർശ നമ്പർ- 28</u>

1.54 സൂപ്പർവൈസർമാരുടെ കൺവേയൻസ് അലവൻസ് കാലോചിതമായി പരിഷ്കരിക്കണം.

<u>സ്വീകരിച്ച നടപടി</u>

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.55 സൂപ്പർവൈസർമാരുടെ പെർമനന്റ് ട്രാവലിംഗ് അലവൻസ് ശമ്പള പരിഷ്കരണ ഉത്തരവിൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

<u>ശിപാർശ നമ്പർ-29</u>

1.56 സൂപ്പർവൈസർമാർക്ക് കഴിവതും അവരവരുടെ ജില്ലകളിൽ നിയമനത്തിന് മുൻഗണന നൽകണം. ഇത് പ്രത്യേക മാനദണ്ഡപ്രകാരം നിഷ്കർഷിക്കണം.

<u>സ്വീകരിച്ച നടപടി</u>

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.57 സംസ്ഥാന അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് സൂപ്പർവൈസർമാരുടെ നിയമനം നടത്തുന്നത്. മിക്ക ജില്ലയിലും ഉണ്ടാകുന്ന ഒഴിവുകളും പി.എസ്.സി. നിർദ്ദേശിക്കുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്. ഭൂരിഭാഗം ജീവനക്കാർക്കും അവരവരുടെ ജില്ലകളിൽ തന്നെ നിയമനം നടത്തുന്നതിന് പരമാവധി ശ്രമിക്കാറുണ്ട്. പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് സ്ഥലംമാറ്റം നൽകുന്നത്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

ശിപാർശ നമ്പർ- 30

1.58 അംഗൻവാടികളുടെ 100 മീറ്റർ ചുറ്റളവിനുള്ളിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന മദ്യഷാപ്പുകൾ മാറ്റി സ്ഥാപിക്കണമെന്നും പുതിയവയ്ക്ക് അനുമതി നൽകുമ്പോൾ ഈ ദൂരപരിധി പാലിക്കണമെന്നും ഇതിലേയ്ക്കുവേണ്ട ഭേദഗതി അബ്കാരി ചട്ടങ്ങളിൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.59 നിലവിലുള്ള നിയമ പ്രകാരം വിദ്യാഭ്യാസ/മതസ്ഥാപനങ്ങളിൽ നിന്നും കള്ളുഷാപ്പുകൾക്ക് 400 മീറ്റർ ദൂരവും മറ്റ് മദ്യഷാപ്പുകൾക്ക് 200 മീറ്റർ അകലവുമാണ് പാലിക്കേണ്ടത്. 2007-08 വർഷത്തിൽ മുമ്പ് നിർത്തൽ ചെയ്തിരുന്ന (2002-2003 വർഷം) കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കുന്നതിനുതന്നെ ഇടം കണ്ടെത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള ദൂരപരിധി ചട്ടം അനുസരിച്ച് നിലവിലുള്ള മദ്യഷാപ്പുകൾ സ്ഥാപിക്കുന്നതിനുപോലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ അംഗൻവാടിയിൽ നിന്നും 100 മീറ്റർ പരിധി പാലിക്കണമെന്ന ശിപാർശ ഒരു പാരമ്പര്യ തൊഴിലായ കള്ള് ചെത്ത് ഉൾപ്പെടെയുള്ള മദ്യമേഖലയിൽ കൂടുതൽ പ്രതിസന്ധി ഉണ്ടാക്കുമെന്നതിനാൽ മേൽ ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

1.60 24-11-2009-ലെ യോഗത്തിൽ പ്രസ്തുത നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി, റിപ്പോർട്ട് പുനഃപരിശോധിക്കണമെന്ന് സാമൂഹ്യനീതി വകുപ്പിനോട് നിർദ്ദേശിച്ചു.

പുനഃപരിശോധനാ റിപ്പോർട്ട്

(8-11-2010-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.61 മദ്യഷാപ്പുകൾ, കള്ളുഷാപ്പുകൾ എന്നിവ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ദൂരപരിധി സംബന്ധിച്ച വ്യവസ്ഥകൾ പുനഃപരിശോധിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

1.62 17-11-2011-ലെ യോഗത്തിൽ പുനഃപരിശോധനാ റിപ്പോർട്ട് പരിഗണിച്ച സമിതി താഴെപ്പറയുന്ന അധികവിവരം ആരാഞ്ഞു.

സമിതി ആരാഞ്ഞ അധികവിവരം

1.63 അബ്കാരി നിയമത്തിലെ 'വിദ്യാഭ്യാസ സ്ഥാപനങ്ങൾ' എന്നുള്ള നിർവ്വചനത്തിൽ അംഗൻവാടികളെക്കൂടി ഉൾപ്പെടുത്തണം.

<u>സ്വീകരിച്ച നടപടി</u>

( 9-9-2013-ലെ 4563/ബി1/2012/സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.64 അബ്കാരി നിയമത്തിലെ 'വിദ്യാഭ്യാസ സ്ഥാപനങ്ങൾ' എന്നുള്ള നിർവ്വചനത്തിൽ അംഗൻവാടികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം നികുതി വകുപ്പുമായി കൂടിയാലോചിച്ചുവരികയാണ്.

1.65 30-10-2013-ലെ യോഗത്തിൽ അധിക വിവര റിപ്പോർട്ട് പരിഗണിച്ച സമിതി ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ ആരാഞ്ഞു.

<u>സ്വീകരിച്ച നടപടി</u>

( 22-7-2014-ലെ 4563/ബി1/2012/സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.66 അബ്കാരി നിയമത്തിൽ, കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾ 2002, ഫോറിൻ ലിക്വർ റൂൾ എന്നിവ പ്രകാരം മദ്യശാലകൾ/കള്ളുഷാപ്പുകൾ എന്നിവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത അകലത്തിൽ മാത്രമേ പ്രവർത്തിക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന നിർവ്വചനത്തിൽ അംഗൻവാടികളെ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നിയമഭേദഗതികളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

1.67 2-9-2014-ലെ യോഗത്തിൽ നിലവിലെ സ്ഥിതി സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നുള്ള നിർവ്വചനത്തിൽ അംഗൻവാടികളെ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗവും മറ്റ് ഗുരുതര പ്രശ്നങ്ങളും കണക്കിലെടുത്ത് സാമൂഹിക പ്രശ്നമെന്ന നിലയിൽ ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് സാമൂഹ്യനീതി വകുപ്പിനോട് ആരാഞ്ഞു.

<u>സ്വീകരിച്ച നടപടി</u>

(9-4-2015-ലെ 14994/ബി1/2014/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.68 വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നുള്ള നിർവ്വചനത്തിൽ അംഗൻവാടികളെ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗവും മറ്റ് ഗുരുതര പ്രശ്നങ്ങളും കണക്കിലെടുത്ത് സാമൂഹിക പ്രശ്നമെന്ന നിലയിൽ ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ താഴെപ്പറയുന്നു.

1. ഐ.സി.ഡി.എസ്. പദ്ധതിയിലെ വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളിൽ 'ലഹരിയുടെ

ഉപയോഗവും അനുബന്ധ പ്രശ്നങ്ങളും' എന്ന വിവരം കൂടി ഉൾപ്പെടുത്തി പ്രചാരണ പരിപാടികൾ അംഗൻവാടി തലത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു.

2. അംഗൻവാടികളോടനുബന്ധിച്ചുള്ള അഡോളസെന്റ് ക്ലബ്ബുകൾ, അമ്മമാരുടെ കമ്മിറ്റി എന്നിവിടങ്ങൾ വഴിയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുവാനുദ്ദേശിക്കുന്നു.

3. സാമൂഹ്യനീതി വകുപ്പ് വഴി മേയ് 31 ലഹരി വിരുദ്ധ ദിനമായി ആചരിക്കുകയും പ്രസ്തുത ദിനാഘോഷ പരിപാടികളിൽ അംഗൻവാടി കുട്ടികളെക്കൂടി പങ്കെടുപ്പിക്കുകയും ചെയ്യുക.

4. അംഗൻവാടികൾ വഴി കുട്ടികൾ ഏറെയും ഇഷ്ടപ്പെടുന്ന കാർട്ടൂൺ കഥാപാത്രങ്ങളെ ഉപയോഗപ്പെടുത്തി ടി വിഷയത്തെ ആസ്പദമാക്കി ഷോർട്ട് ഫിലിം പ്രദർശനം, പപ്പറ്റ് ഷോ എന്നിവ നടത്തുക.

5. ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ചാർട്ടുകൾ, പ്ലക്കാർഡുകൾ എന്നിവ അംഗൻവാടികളിൽ പ്രദർശിപ്പിക്കുക.

6. അംഗൻവാടി തലത്തിൽ നടത്തുന്ന മത്സരങ്ങളിൽ ചിത്രരചന, പ്രസംഗ മത്സരം എന്നിവയിൽ ടി വിഷയം ഉൾപ്പെടുത്തുക.

(3-6-2015-ലെ യോഗത്തിൽ അംഗീകരിച്ചു)

<u>ശിപാർശ നമ്പർ-31</u>

1.69 ആയിരം ജനസംഖ്യയ്ക്ക് ഒരു അംഗൻവാടി എന്നുള്ളതാണ് തത്വം എന്നതിനാൽ പ്രസ്തുത തത്വം നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.70 ആയിരം ജനസംഖ്യയ്ക്ക് ഒരു അംഗൻവാടി എന്ന തത്വം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ അധികമായി അനുവദിച്ച 6722 അംഗൻവാടികൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു)

<u>ശിപാർശ നമ്പർ-32</u>

1.71 കുടുംബ വരുമാനപരിധി നോക്കാതെ എല്ലാ അംഗൻവാടി കുട്ടികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(8-11-2010-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.72 2008-2009-ൽ ആരംഭിച്ച 75% കേന്ദ്രസർക്കാർ വിഹിതത്തോടെയുള്ള രാഷ്ട്രീയ സ്വസ്ഥ ബീമായോജന (RSBY), Comprehensive Health Insurance Scheme എന്നീ പദ്ധതികൾ കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് 30,000 രൂപ ഇൻഷ്വറൻസ് കവറേജ് ആയി ഒരു കുടുംബത്തിലെ ഭാര്യ, ഭർത്താവ്, കുട്ടികൾ, മറ്റ് ആശ്രിതരായ മാതാപിതാക്കൾ ഉൾപ്പെടെ 5 പേർക്ക് ലഭിക്കുന്നു. ഇതുകൂടാതെ മുഴുവൻ അംഗൻവാടി പ്രവർത്തകരെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(17-11-2011-ലെ യോഗത്തിൽ അംഗീകരിച്ചു)

ശിപാർശ നമ്പർ-33

1.73 അംഗൻവാടികളിലേയ്ക്കുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടെന്ന് ഗവൺമെന്റ് സമിതിയെ അറിയിച്ച സാഹചര്യത്തിൽ സംവരണതത്വം എന്നു മുതലാണ് പാലിച്ചിട്ടുള്ളതെന്നും എത്രപേരെ സംവരണം വഴി നിയമിച്ചുവെന്നതിന്റെ വിശദവിവരവും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി ( സാമൂഹ്യനീതി വകുപ്പ്)

(8-11-2010-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.74 പി.എസ്.സി. ക്ലാസ് IV ജീവനക്കാരുടെ നിയമനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവരണ തത്വം അംഗൻവാടി ജീവനക്കാരുടെ നിയമനങ്ങളിൽ പാലിക്കണമെന്ന നിർദ്ദേശം 19-4-1996-ലെ സർക്കുലർ പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ നൽകുകയും അതിൻപ്രകാരം സംവരണം ലഭിച്ചവരുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുവാൻ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് എത്രയും വേഗം ലഭ്യമാക്കി സമർപ്പിക്കുന്നതാണ്. തുടർന്ന് 24-11-2010-ലെ കത്ത് മുഖേന സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ സംവരണം വഴി നിയമിച്ച അംഗൻവാടി ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.

(17-11-2011-ലെ യോഗത്തിൽ അംഗീകരിച്ചു)

ശിപാർശ നമ്പർ-34

1.75 അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം പലതവണ പുതുക്കി നൽകിയതായി സമിതിയ്ക്ക് ഗവൺമെന്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഓരോ പ്രാവശ്യവും എത്ര രൂപ വീതം ഉയർത്തിയെന്നതിന്റെ വിശദവിവരം സമിതിയ്ക്ക് നൽകേണ്ടതാണ്.

<u>സ്വീകരിച്ച നടപടി</u>

(1-7-2008-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1.76 അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം 1995, 2001, 2005, 2007 എന്നീ വർഷങ്ങളിൽ യഥാക്രമം 100, 100, 100, 150 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. അതിൻപ്രകാരം അംഗൻവാടി വർക്കർക്ക് 1995, 2001, 2005, 2007 എന്നീ വർഷങ്ങളിൽ നൽകിയിരുന്ന മൊത്ത ഓണറേറിയം (കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും കൂടി) യഥാക്രമം 500, 800, 1400, 1550 എന്നീ നിരക്കിലാണ്. അംഗൻവാടി ഹെൽപ്പർക്ക് 1995, 2001, 2005, 2007 എന്നീ വർഷങ്ങളിൽ നൽകിയിരുന്ന ഓണറേറിയം (കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടെ) യഥാക്രമം 300, 500, 900, 1000 എന്നീ നിരക്കിലാണ്. കൂടാതെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും യഥാക്രമം 500 രൂപ നിരക്കിലും 250 രൂപ നിരക്കിലും ഈ സാമ്പത്തിക വർഷം മുതൽ വേതന വർദ്ധനവ് നൽകുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(24-11-2009-ലെ യോഗത്തിൽ അംഗീകരിച്ചു.)

<u>അദ്ധ്യായം -II</u>

**സമിതിയുടെ ശിപാർശ, സർക്കാർ ലഭ്യമാക്കിയ മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, ആയതിന്മേലുള്ള സമിതിയുടെ തുടർ ശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം**

<u>ശിപാർശ നമ്പർ-1</u>

2.1 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ തോത് ഏകീകരിക്കണമെന്നും, ഗുണനിലവാര പരിശോധന ഉറപ്പാക്കണമെന്നും ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ മാത്രം റേഷൻ കടകൾ വഴിയോ, മാവേലി സ്റ്റോറുകൾ വഴിയോ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (സാമൂഹ്യനീതി വകുപ്പ്)</u>

(8-11-2010-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

2.2 അംഗൻവാടികളിലെ പോഷകാഹാര വിതരണത്തിനുള്ള പൂർണ്ണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഐ.സി.ഡി.എസ്. പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് നിശ്ചിത പോഷക മൂല്യം അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യാനാണ്. സാമൂഹ്യക്ഷേമ വകുപ്പ് പോഷക മൂല്യത്തിന്റെ അളവാണ് നിജപ്പെടുത്തിയിരിക്കുന്നത്. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുവാൻ തദ്ദേശസ്വയം ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2.3 പ്രസ്തുത റിപ്പോർട്ട് 17-11-2011-ലെ യോഗത്തിൽ പരിഗണിച്ച സമിതി, തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ശിപാർശയിന്മേലുള്ള റിപ്പോർട്ട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

<u>സ്വീകരിച്ച നടപടി (തദ്ദേശസ്വയംഭരണ വകുപ്പ്)</u>

(14-2-2017-ലെ 331/ഇപിഎ 3/15/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

2.4 അംഗൻവാടികളുടെ ഉച്ചഭക്ഷണ വിതരണം സാമൂഹ്യക്ഷേമ വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് നടന്നുവരുന്നത്. ഇതിലേയ്ക്കായി അംഗൻവാടികൾക്ക് സ്ഥിരം സ്ഥലം, കെട്ടിടം, കുടിവെള്ളം, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവയാണ് പഞ്ചായത്ത് തലത്തിൽ ഒരുക്കി നൽകുന്നത്. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ വാർഡ് തലത്തിൽ രൂപീകരിക്കുന്ന പൊതുസമ്മതരായ 5 അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റി സ്ഥിരമായി അംഗൻവാടി സന്ദർശിക്കുകയും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2.5 പ്രസ്തുത റിപ്പോർട്ട് 16-2-2017-ലെ തെളിവെടുപ്പ് യോഗത്തിൽ പരിഗണിച്ച സമിതി താഴെപ്പറയുന്ന അധികവിവരം ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

2.6 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന പോഷകാഹാരത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ വാർഡ് തലത്തിൽ രൂപീകരിക്കുന്ന, ആ വാർഡിലെ പൊതുസമ്മതരായ അഞ്ചു പേരടങ്ങുന്ന സമിതി രൂപീകരിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് പരിശോധിച്ച് അവയുടെ പ്രവർത്തനം എങ്ങനെയാണെന്നുള്ളത് വിലയിരുത്തണമെന്നും പ്രസ്തുത അഞ്ചംഗസമിതി എത്ര ദിവസം അംഗൻവാടികൾ സന്ദർശിച്ചിട്ടുണ്ടെന്നും അവിടെ നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നും റിപ്പോർട്ട് ചെയ്യണം.

<u>സ്വീകരിച്ച നടപടി</u>

(1-6-2019-ലെ 331/ഇ.പി.എ.3/15/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

2.7 കേരളത്തിൽ ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിൽ 858 പഞ്ചായത്തുകളിൽ അംഗൻവാടികളിൽ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ വാർഡ് തലത്തിൽ അഞ്ചു പേരടങ്ങുന്ന സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത

സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ചില പഞ്ചായത്തുകളിൽ മാസത്തിൽ ഒരു തവണയും മറ്റ് ചിലയിടത്ത് 2 തവണയും ചിലയിടങ്ങളിൽ മാസത്തിൽ 3 തവണയും എന്ന നിലയ്ക്ക് കൃത്യമായ ഇടവേളകളിൽ അഞ്ചംഗ സമിതി അംഗൻവാടികൾ സന്ദർശിച്ച് വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്.

2.8 23-7-2019-ലെ സമിതിയോഗം പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും താഴെപ്പറയുന്ന അധികവിവരം ആരായുകയും ചെയ്തു.

**സമിതി ആരാഞ്ഞ അധിക വിവരം**

**2.9 സംസ്ഥാനത്തെ അംഗൻവാടികളിൽ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വാർഡ് തലത്തിൽ രൂപീകരിക്കേണ്ട സമിതി ഇനിയും രൂപീകരിക്കാത്ത പഞ്ചായത്തുകളിൽ അവ അടിയന്തരമായി രൂപീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണം.**

<u>ശിപാർശ നമ്പർ-18</u>

2.10 രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും ഡോക്ടർമാരുടെ സേവനം (ഗൈനക്കോളജിസ്റ്റ്/ പീഡിയാട്രീഷ്യൻ) അംഗൻവാടികളിൽ ലഭിക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

<u>സ്വീകരിച്ച നടപടി (സാമൂഹ്യനീതി വകുപ്പ്)</u>

(8-11-2010-ലെ 2516/ബി1/2006/സാക്ഷേവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

2.11 രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും ഓരോ അംഗൻവാടിയിലും ഒരു ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രീഷ്യന്റെയും സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ആരോഗ്യകുടുംബക്ഷേമ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2.12 പ്രസ്തുത മറുപടി 17-11-2011-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

<u>സ്വീകരിച്ച നടപടി (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)</u>

(29-10-2012-ലെ 14192/എ 3/12/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)

2.13 കേരളത്തിൽ 30,000-ൽപ്പരം അംഗൻവാടികളാണ് നിലവിലുള്ളത്. ആരോഗ്യ വകുപ്പിൽ നിലവിലുള്ള ഗൈനക്കോളജിസ്റ്റുകളുടെയും പീഡിയാട്രീഷ്യന്മാരുടെയും എണ്ണം യഥാക്രമം 275-ഉം 214-ഉം ആണ്. ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിൽ നിന്നും

ഈ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ അംഗൻവാടികളിലേയ്ക്ക് നിയോഗിക്കുന്നത് പ്രായോഗികമല്ല. അതിനാൽ ഓരോ പ്രദേശത്തുമുള്ള ആരോഗ്യ പ്രവർത്തകരായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സമാരും നിശ്ചിത ദിവസങ്ങളിൽ അവരവരുടെ പ്രവർത്തനമേഖലയിലുള്ള അംഗൻവാടികൾ സന്ദർശിച്ച് സ്പെഷ്യലിസ്റ്റുകളുടെ ചികിത്സ ആവശ്യമുള്ളവരെ കണ്ടെത്തി, അത്തരം രോഗികളെ ഏറ്റവും അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർവഴി സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമായ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2.14 5-12-2012-ലെ യോഗത്തിൽ സമിതി പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.

<u>സമിതി ആരാഞ്ഞ അധികവിവരങ്ങൾ</u>

2.15 1) ഓരോ പ്രദേശത്തുമുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സമാരും അംഗൻവാടികൾ സന്ദർശിച്ച് ചികിത്സ ആവശ്യമുള്ളവരെ കണ്ടെത്തി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർ വഴി ആവശ്യമായ സ്പെഷ്യാലിറ്റി ആശുപത്രിയിലേക്ക് രോഗികളെ റഫർ ചെയ്യണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ

2.16 2) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ഗൈനക്കോളജിസ്റ്റുകളുടെയും പീഡിയാട്രീഷ്യൻമാരുടെയും സേവനം ലഭ്യമല്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നതിനാൽ അവരുടെ സേവനം ലഭ്യമല്ലാത്ത സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ്, ടി സ്ഥാപനങ്ങളിൽ പ്രസ്തുത ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തര പ്രാധാന്യത്തോടെ നികത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്നീ വിശദവിവരങ്ങൾ .

2.17 3) ആരോഗ്യമേഖലയിൽ ഗ്രാമപ്രദേശങ്ങളിൽ 'ലീൻ' നിലനിർത്തി വർക്കിംഗ് അറേഞ്ച്മെന്റിന്റെ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ .

<u>സ്വീകരിച്ച നടപടി</u>

(14-5-2014-ലെ 57238/എ 3/2012/ആ.ക.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

2.18 1) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് അംഗൻവാടികൾ സന്ദർശിച്ച് ചികിത്സ ആവശ്യമുള്ളവരെ കണ്ടെത്തി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ വഴി, സ്പെഷ്യാലിറ്റി ചികിത്സ ആവശ്യമായ രോഗികളെ പ്രസ്തുത സൗകര്യമുള്ള ആശുപത്രിയിലേക്ക് റഫർ ചെയ്യണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്.

2.19 (2) നിലവിൽ 63 താലൂക്കാശുപത്രികളിൽ 44 എണ്ണത്തിൽ ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രീഷ്യൻമാരുടെയും പൂർണ്ണമായ സേവനം ലഭിക്കുന്നുണ്ട്. എന്നാൽ താഴെപ്പറയുന്ന 20 താലൂക്കാശുപത്രികളിൽ ഗൈനക്കോളജിസ്റ്റുമാരുടെയും പീഡിയാട്രീഷ്യൻമാരുടെയും സേവനം ഭാഗികമായി ലഭ്യമല്ല. (ലിസ്റ്റ് അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.)

2.20 കേരളത്തിലെ സർക്കാർ ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ തെരഞ്ഞെടുക്കുന്നതും നിയമിക്കുന്നതും ജി.ഒ. (പി) 69/2010/ആ.ക.വ. തീയതി 17-2-2010 എന്ന സ്പെഷ്യൽ റൂൾസ് പ്രകാരമാണ്. സ്പെഷ്യാലിറ്റി കേഡറിലേക്കുള്ള നിയമനത്തിന് വർഷത്തിൽ ഒരിക്കൽ മാത്രമേ ഓപ്ഷൻ വിളിക്കാൻ കഴിയുകയുള്ളൂ. ഈ വർഷത്തെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി ഓപ്ഷൻ സ്വീകരിക്കുകയും നിയമനത്തിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്. നിലവിൽ പി.ജി. ബിരുദമുള്ള ആരോഗ്യവകുപ്പിലെ ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ വാങ്ങിയാണ് സ്പെഷ്യാലിറ്റി കേഡറിലെ തസ്തികകളായ ഗൈനക്കോളജിയിലേക്കും പീഡിയാട്രിക്സിലേക്കും നിയമനം നൽകുന്നത്. നിലവിൽ ഒഴിവുള്ള തസ്തികകളിലേക്ക് അസിസ്റ്റന്റ് സർജൻമാർക്ക് അവർ ഓപ്റ്റ് ചെയ്ത സ്പെഷ്യാലിറ്റിയിലേക്ക് നിയമനം നൽകുന്നതാണ്. കൂടാതെ നിലവിൽ ഒഴിവുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവിലേക്ക് അഡ്ഹോക്ക് നിയമനം നൽകുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2.21 3) ആരോഗ്യവകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ ഒഴികെയുള്ള വിവിധ വിഭാഗം ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്ത് സ. ഉ. (സാധാ) നമ്പർ 1831/13/ ആ.ക.വ. തീയതി 29-5-2013 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ പാരാമെഡിക്കൽ സ്റ്റാഫിന് കംപാഷനേറ്റ് ഗ്രൗണ്ടിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് പരിശോധിച്ച് മാത്രം വർക്കിംഗ് അറേഞ്ച്മെന്റ് നൽകുന്നു. ഡോക്ടർമാർക്ക് നൽകിയ വർക്കിംഗ് അറേഞ്ച്മെന്റിന്റെ ജില്ല തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല.

2.22 നടപടി സ്റ്റേറ്റ്മെന്റ് 2-9-2014-ൽ സമിതി പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.

**<u>സമിതി ആരാഞ്ഞ അധികവിവരം</u>**

2.23 **ചോദ്യം നമ്പർ 3-മേൽ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിശണിച്ച സമിതി, ഡോക്ടർമാർക്ക് നൽകിയ വർക്കിംഗ് അറേഞ്ച്മെന്റിന്റെ ജില്ല തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല എന്ന മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും ആയത്**

**വകുപ്പിന്റെ കൃത്യവിലോപമായി വിലയിരുത്തുകയും ഏതൊക്കെ ഡോക്ടർമാർക്കാണ് ആരോഗ്യവകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയിട്ടുള്ളതെന്ന ആധികാരികമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.**

2.24 അദ്ധ്യായം-II-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ശിപാർശകൾ സംബന്ധിച്ച് സമിതി ആരാഞ്ഞ അധികവിവരങ്ങളിലുള്ള നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 14.

*1424/19*

[illegible] I

[illegible]

| [illegible] | [illegible] | | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| 1 | Tvm | W | 2605 | 804 | 557 | 340 | 9 | 140 | 179 | 1 | | 165 | 289 | 24 | 97 | 2605 | |
| | | H | 2578 | 695 | 501 | 451 | 17 | 138 | 157 | | 4 | 244 | 250 | 52 | 69 | | 2578 |
| 2 | KLM | W | 2488 | 909 | 542 | 402 | 4 | 236 | 104 | 2 | 30 | 135 | 2 | 25 | 97 | 2488 | |
| | | H | 2347 | 734 | 434 | 558 | 9 | 206 | 124 | | 34 | 128 | 6 | 35 | 79 | | 2347 |
| 3 | PTA | W | 1254 | 400 | 232 | 264 | 3 | 68 | 9 | | 1 | 119 | 2 | 81 | 75 | 1254 | |
| | | H | 1227 | 303 | 180 | 391 | 10 | 42 | 5 | | | 100 | 1 | 138 | 57 | | 1227 |
| 4 | ALP | W | 1972 | 540 | 661 | 313 | 2 | 97 | 107 | | 55 | 91 | | 36 | 70 | 1972 | |
| | | H | 1946 | 451 | 696 | 329 | 1 | 95 | 125 | | 90 | 94 | | 6 | 59 | | 1946 |
| 5 | KTM | W | 1932 | 621 | 377 | 325 | 30 | 77 | 10 | | 9 | 182 | 2 | 226 | 73 | 1932 | |
| | | H | 1867 | 546 | 400 | 314 | 30 | 69 | 9 | | 7 | 182 | 1 | 235 | 74 | | 1867 |
| 6 | EKM | W | 2522 | 765 | 520 | 387 | 2 | 199 | 187 | 20 | 77 | 225 | 1 | 42 | 97 | 2522 | |
| | | H | 2494 | 602 | 498 | 485 | 5 | 235 | 211 | 16 | 49 | 251 | | 52 | 90 | | 2494 |
| 7 | TCR | W | 2736 | 804 | 720 | 675 | 9 | 118 | 23 | 4 | 41 | 199 | 22 | 36 | 85 | 2736 | |
| | | H | 2623 | 683 | 713 | 786 | 7 | 116 | 18 | 5 | 10 | 190 | 19 | 16 | 64 | | 2623 |
| 8 | IKI | W | 1330 | 454 | 241 | 146 | 43 | 96 | 25 | 13 | | 181 | 6 | 61 | 62 | 1330 | |
| | | H | 1279 | 343 | 228 | 157 | 77 | 75 | 22 | 9 | | 193 | 25 | 97 | 53 | | 1279 |
| 9 | KNR | W | 2444 | 580 | 992 | 256 | 25 | 97 | 19 | | 14 | 391 | | 25 | 45 | 2444 | |
| | | H | 2402 | 438 | 1021 | 315 | 57 | 105 | 17 | | 13 | 319 | 1 | 36 | 80 | | 2402 |
| 10 | CLT | W | 2844 | 676 | 1158 | 373 | 4 | 265 | 22 | | 40 | 221 | 2 | 6 | 77 | 2844 | |
| | | H | 2802 | 525 | 1219 | 455 | 38 | 226 | 12 | 2 | 48 | 211 | 9 | 3 | 54 | | 2802 |
| 11 | MLPM | W | 3654 | 823 | 962 | 691 | 2 | 810 | 11 | 1 | 1 | 258 | 1 | 6 | 89 | 3654 | |
| | | H | 3523 | 542 | 936 | 713 | 14 | 997 | 6 | | | 234 | | 1 | 80 | | 3523 |
| 12 | PKD | W | 2205 | 793 | 484 | 377 | 42 | 162 | 25 | 1 | | 292 | 1 | 3 | 25 | 2205 | |
| | | H | 2185 | 609 | 436 | 445 | 100 | 176 | 23 | | | 363 | | 2 | 31 | | 2185 |
| 13 | KGD | W | 571 | 107 | 127 | 96 | 35 | 24 | 29 | | 6 | 145 | | | 11 | 571 | |
| | | H | 601 | 95 | 138 | 109 | 39 | 31 | 20 | | 7 | 150 | | | 12 | | 601 |
| 14 | WYD | W | 520 | 301 | 56 | 45 | 16 | 38 | 11 | 1 | | 36 | | 11 | 5 | 520 | |
| | | H | 473 | 164 | 70 | 41 | 75 | 66 | 11 | | | 37 | 3 | 1 | 5 | | 473 |
| | | W | 29077 | 8577 | 7629 | 4690 | 225 | 2429 | 752 | 43 | 274 | 2640 | 328 | 561 | 908 | 29077 | 28347 |
| | | H | 28347 | 5730 | 7470 | 5549 | 479 | 2577 | 750 | 32 | 262 | 2696 | 311 | 674 | 807 | | |

## താൽക്കാലിക വർക്കർമാരെ സ്ഥിരപ്പെടുത്തിയതിൽ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ്

| ക്രമ നം. | ജില്ലയുടെ പേര് | ആകെ | സംവരണം ചെയ്യാത്തത് | ഈഴവ/ തീയ്യ/ ബില്ല | പട്ടികജാതി | പട്ടികവർഗ്ഗം | മുസ്ലീംസ് | ലത്തീൻ കത്തോലിക്ക | ആംഗ്ലോ ഇന്ത്യൻ | ധീവര | മറ്റ് പിന്നോക്ക വിഭാഗം | ഹിന്ദു നാടാർ SIUC നാടാർ | ക്രിസ്ത്യൻമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ | വിശ്വകർമ്മ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 | Tvm | 569 | 155 | 107 | 84 | 9 | 33 | 35 | 2 | – | 66 | 58 | 5 | 15 | 569 |
| 2 | KLM | 319 | 137 | 73 | 44 | 1 | 26 | 10 | – | 3 | 17 | – | – | 8 | 319 |
| 3 | PTA | 236 | 76 | 40 | 58 | 1 | 11 | 1 | – | – | 19 | 1 | 10 | 19 | 236 |
| 4 | KTM | 290 | 88 | 77 | 39 | 6 | 15 | – | – | – | 22 | 1 | 35 | 7 | 290 |
| 5 | EKM | 438 | 116 | 86 | 68 | 3 | 46 | 43 | 2 | 17 | 31 | – | 10 | 16 | 438 |
| 6 | TCR | 483 | 142 | 135 | 127 | 3 | 18 | 9 | – | 5 | 30 | – | 2 | 12 | 483 |
| 7 | PKD | 652 | 202 | 173 | 95 | 40 | 50 | 6 | – | – | 76 | – | – | 10 | 652 |
| 8 | IDK | 499 | 190 | 103 | 77 | 14 | 21 | 5 | – | – | 42 | 3 | 24 | 15 | 494 |
| 9 | KNR | 541 | 125 | 263 | 45 | 5 | 22 | 4 | – | 1 | 65 | – | 4 | 7 | 541 |
| 10 | KZD | 461 | 110 | 223 | 42 | – | 31 | 5 | – | 5 | 30 | 2 | – | 13 | 461 |
| 11 | MLPM | 1099 | 200 | 359 | 206 | – | 220 | 3 | – | – | 85 | – | 2 | 24 | 1099 |
| 12 | ALP | 290 | 56 | 106 | 35 | 22 | 32 | – | – | 13 | 11 | – | 3 | 12 | 290 |
| 13 | KGD | 314 | 129 | 54 | 33 | 1 | 11 | 4 | – | 4 | 74 | – | – | 6 | 314 |
| 14 | WND | 302 | 149 | 36 | 25 | 14 | 29 | 2 | – | – | 35 | 6 | 3 | 3 | 302 |
| | | | | | | | | | | | | | | | |
| | ആകെ | 6488 | 1873 | 1835 | 878 | 119 | 565 | 127 | 4 | 48 | 603 | 71 | 98 | 167 | 6488 |

താൽക്കാലിക ഹെൽപ്പർമാരെ സ്ഥിരപ്പെടുത്തിയതിൽ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ്

| ക്രമ നം. | ജില്ലയുടെ പേര് | ആകെ | സംവരണം ചെയ്യാത്തത് | ഈഴവ/ തിയ്യ/ ബില്ലവ | പട്ടികജാതി | പട്ടികവർഗ്ഗം | മുസ്ലീംസ് | ലത്തീൻ കത്തോലിക്ക | ആംഗ്ലോ ഇന്ത്യൻ | ധീവര | മറ്റ് പിന്നോക്ക വിഭാഗം | ഹിന്ദു നാടാർ SIUC നാടാർ | ക്രിസ്ത്യാനിയിലേക്ക് പരിവർത്തനം ചെയ്തവർ | വിശ്വകർമ്മ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 | Tvm | 673 | 155 | 106 | 122 | 14 | 55 | 36 | – | 1 | 96 | 67 | 4 | 17 | 673 |
| 2 | KLM | 566 | 185 | 123 | 80 | 1 | 86 | 19 | – | 21 | 26 | 3 | 6 | 16 | 566 |
| 3 | PTA | 317 | 84 | 41 | 108 | 6 | 10 | 1 | – | – | 19 | – | 34 | 14 | 317 |
| 4 | KTM | 487 | 131 | 135 | 85 | 6 | 15 | 2 | – | 1 | 38 | – | 49 | 25 | 487 |
| 5 | EKM | 780 | 174 | 144 | 148 | 5 | 103 | 63 | 4 | 16 | 70 | – | 16 | 37 | 780 |
| 6 | TCR | 717 | 184 | 211 | 192 | 15 | 41 | 11 | – | 5 | 36 | 2 | 1 | 19 | 717 |
| 7 | PKD | 618 | 177 | 148 | 115 | 20 | 57 | 8 | – | – | 78 | – | – | 15 | 618 |
| 8 | IDK | 442 | 116 | 70 | 78 | 27 | 30 | 5 | 3 | – | 46 | 9 | 42 | 16 | 442 |
| 9 | KNR | 570 | 94 | 287 | 45 | 5 | 33 | 4 | – | 5 | 80 | – | 4 | 13 | 570 |
| 10 | KZD | 582 | 78 | 308 | 83 | 5 | 39 | 5 | 2 | 6 | 35 | 3 | – | 18 | 582 |
| 11 | ALP | 411 | 77 | 163 | 74 | 1 | 26 | 32 | – | 13 | 13 | – | 3 | 9 | 411 |
| 12 | MLPM | 1048 | 108 | 289 | 219 | 3 | 316 | – | – | – | 73 | – | – | 40 | 1048 |
| 13 | KGD | 246 | 41 | 49 | 38 | 10 | 20 | 3 | – | 2 | 78 | – | – | 5 | 246 |
| 14 | WND | 216 | 55 | 33 | 31 | 30 | 34 | – | – | 2 | 26 | 5 | – | – | 216 |
| | | | | | | | | | | | | | | | |
| | ആകെ | 7673 | 1659 | 2107 | 1418 | 148 | 865 | 189 | 9 | 72 | 714 | 89 | 159 | 244 | 7673 |

## അനുബന്ധം II

| | ജില്ല | അനുവദിച്ച തസ്തിക | ഇപ്പോൾ സേവനം ലഭിക്കുന്നത് | ഒഴിവുകൾ |
|---|---|---|---|---|
| I | കാസർഗോഡ് | | | |
| | താലൂക്കാശുപത്രി, തൃക്കരിപ്പൂർ | 1 | 1 | 1 |
| II | വയനാട് | | | |
| 1. | *THQH വൈത്തിരി (O&G)* | 3 | 2 | 1 |
| | *THQH വൈത്തിരി (Paediatrics)* | *2* | - | *2 (1 doctor Adhoc posting വച്ചിട്ടുണ്ട്)* |
| 2 | THQH, സുൽത്താൻബത്തേരി (O&G) | 2 | 2 | (1 doctor Adhoc post ചെയ്തിട്ടുണ്ട്) |
| 3 | സി.എച്ച്.സി മീനങ്ങാടി (O&G) | 1 | - | 1 NRHM വഴി ഒരു ഡോക്ടറെ post ചെയ്തിട്ടുണ്ട്) |
| III | കണ്ണൂർ | | | |
| 1 | THQH, തളിപ്പറമ്പ് (O&G) | 2 | 1 | 1 |
| | ,, (Paediatrics) | 2 | 2 | 0 |

| | | | | |
|---|---|---|---|---|
| 2 | THQH പയ്യന്നൂർ (O&G) | 3 | 2 | 1 |
| | ,, (Paediatrics) | 3 | 2 | 1 |
| 3 | THQH തളിപ്പറമ്പ് (O&G) | 3 | 2 | 1 |
| | ,, (Paediatrics) | 2 | 1 | 1 |
| 4 | THQH ഇരിട്ടി (O&G) | 2 | 1 | 1 |
| | ,, (Paediatrics) | 2 | 1 | 1 |
| 5 | THQH പേരാവൂർ (O&G) | 2 | 1 | 1 |
| | ,, (Paediatrics) | 1 | 0 | 1 |
| 6 | THQH പഴയങ്ങാടി (O&G) | 1 | 1 | 0 |
| | ,, (Paediatrics) | 1 | 0 | 1 |
| 7 | THQH പെരിങ്ങോം (O&G) | 1 | 0 | 1 |
| | ,, (Paediatrics) | 1 | 0 | 1 |
| IV | മലപ്പുറം | | | |
| | TH അരീക്കോട് (O&G) | 1 | 0 | 1(Asst. Surgeon O&G യുടെ service കൊടുക്കുന്നുണ്ട് |
| V | കോഴിക്കോട് | | | |
| | TH കൊയിലാണ്ടി (O&G) | 2 | 1 | 1 (1 doctor Adhoc post വച്ചിട്ടുണ്ട്) |
| | ,, (Paediatrics) | 2 | 2 | 0 |
| | TH നാദാപുരം (O&G) | 2 | 1 | 1 (1 doctor Adhoc post വച്ചിട്ടുണ്ട്) |
| VI | ഇടുക്കി | | | |
| 1 | TH പീരുമേട് (O&G) | 2 | 2 | 0 |
| | ,, (Paediatrics) | 1 | 0 | 1 |
| 2 | TH നെടുങ്കണ്ടം (O&G) | 2 | 0 | 2 |
| | ,, (Paediatrics) | 1 | 0 | 1 |

| | | | | |
|---|---|---|---|---|
| 3 | TH അടിമാലി (O&G) | 2 | 2 | 0 |
| | " (Paediatrics) | 1 | 1 | 0 |
| | TH തൊടുപുഴ (O&G) | 3 | 2 | 1 |
| | " (Paediatrics) | 3 | 3 | 0 |
| VII | കോട്ടയം | | | |
| | THQH കാഞ്ഞിരപ്പള്ളി | 2 | 1 | 1 |
| VIII | കൊല്ലം | | | |
| | THQH ശാസ്താംകോട്ട | 2 | 1 | 1 |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.